"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി - പാലക്കാട് ജില്ല -തരൂർ നിയോജകമണ്ഡലം - പുതുക്കോട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന **'പുതുക്കോട് ഗ്രാമ പഞ്ചായത്ത് റോഡുകളുടെ നവീകരണം (1. ഉളിക്കുത്താംപാടം കരിമ്പൻചിറ ചുങ്കം റോഡ് - 20 ലക്ഷം, 2. കൊട്ടാരശ്ശേരി പുത്തരിപ്പാടം റോഡ് - 20 ലക്ഷം, 3. പ്ലാഴി പാറപ്പുറം റോഡ്- 20 ലക്ഷം)** 'എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1749/2026/LSGD തീയതി,തിരുവനന്തപുരം, 15-09-2026

---

പരാമർശം:- 1) GO(P) നം.67/2021/Fin തീയതി 28/04/2021 സർക്കാർ ഉത്തരവ്

2) തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 24.01.2026 ലെ LSGD/PD/39700/2025-EW6 നമ്പർ കത്ത്

**ഉത്തരവ്**

2025-2026 സാമ്പത്തിക വർഷത്തെ ബജറ്റിൽ അനുബന്ധം II, വാല്യം II- ക്രമ നം. 2092 ആയി 60 ലക്ഷം രൂപ അടങ്കൽ തുകയും ആയതിന്റെ 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരിക്കുന്നതുമായ തരൂർ നിയമസഭാ മണ്ഡലത്തിലെ പുതുക്കോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന **"പുതുക്കോട് ഗ്രാമ പഞ്ചായത്ത് ഗ്രാമീണ റോഡുകളുടെ നവീകരണം (1. ഉളിക്കുത്താംപാടം കരിമ്പൻചിറ ചുങ്കം റോഡ് - 20 ലക്ഷം, 2. കൊട്ടാരശ്ശേരി പുത്തരിപ്പാടം റോഡ് - 20 ലക്ഷം, 3. പ്ലാഴി പാറപ്പുറം റോഡ്- 20 ലക്ഷം)"** പ്രവൃത്തി അംഗീകൃത അക്രഡിറ്റഡ് ഏജൻസിയെ കൊണ്ട് നടപ്പിലാക്കണമെന്ന ബഹു. തരൂർ നിയോജകമണ്ഡലം എം.എൽ.എ.- യുടെ നിർദ്ദേശാനുസരണം അക്രഡിറ്റ് ഏജൻസി മുഖേന P.M.C.-വ്യവസ്ഥയിൽ പദ്ധതി നടപ്പിലാക്കുന്നതിന്, നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി സർക്കാർ അംഗീകൃത അക്രഡിറ്റ് ഏജൻസികളിൽനിന്നും ടെണ്ടർ ക്ഷണിക്കുകയും, ഏറ്റവും കുറവ് സെന്റേജ് നിരക്കായ 5.3% രേഖപ്പെടുത്തിയ M/s. KEL മാമല, കൊച്ചി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതിനെ തുടർന്ന് പ്രസ്തുത സ്ഥാപനം D.S..R.2021-Price Software-ൽ തയ്യാറാക്കി സമർപ്പിച്ച **60 ലക്ഷം** രൂപയുടെ എസ്റ്റിമേറ്റിന്മേൽ ഭരണാനുമതി ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-2026 സാമ്പത്തിക വർഷത്തെ

ബജറ്റിൽ അനുബന്ധം II, വാല്യം II- ക്രമ നം. 2092 ആയി 60 ലക്ഷം രൂപ അടങ്കൽ തുകയും ആയതിന്റെ 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരിക്കുന്നതുമായ തരൂർ നിയമസഭാ മണ്ഡലത്തിലെ പുതുക്കോട് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന **"പുതുക്കോട് ഗ്രാമ പഞ്ചായത്ത് ഗ്രാമീണ റോഡുകളുടെ നവീകരണം (1. ഉളിക്കുത്താംപാടം കരിമ്പൻചിറ ചുങ്കം റോഡ് - 20 ലക്ഷം, 2. കൊട്ടാരശ്ശേരി പുത്തരിപ്പാടം റോഡ് - 20 ലക്ഷം, 3. പ്ലാഴി പാറപ്പുറം റോഡ്- 20 ലക്ഷം)"** എന്ന പ്രവൃത്തിയ്ക്ക്, പ്രവൃത്തി അംഗീകൃത അക്രഡിറ്റഡ് ഏജൻസിയെ കൊണ്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് പരാമർശം (1) സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പാലിച്ചിരിയ്ക്കേണ്ടതാണെന്ന വ്യവസ്ഥയിൽ പ്രസ്തുത പദ്ധതിക്ക് **60 ലക്ഷം രൂപയുടെ (അറുപത് ലക്ഷം രൂപ മാത്രം**) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിയ്ക്ക് ആവശ്യമായ ചെലവ് **'4515-00-800-92(NP)'** എന്ന ശീർഷകത്തിൽ അഡീഷണൽ പ്രൊവിഷൻ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3) സെക്രട്ടറി, പുതുക്കോട് ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5) ധന(വികസന) വകുപ്പ് (3419658/Dev-3/64/2026-Fin തീയതി 1/7/2026) (AS/LGD/26/52709)
6) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
7) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ&പി ആർ ഡി
8) കരുതൽ ഫയൽ (ഡി.ബി2/73/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Smitha. L
Date: 16-09-2026
11:48:22

സെക്ഷൻ ഓഫീസർ